**പതിമൂന്നാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3821 31.01.2014 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജം വ്യാപകമാക്കുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സോളാർ എനർജി ഗാർഹിക ഉപയോഗത്തിനായി അനെർട്ട് മുഖാന്തിരം വ്യാപകമാക്കുന്നതിന് വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) സൗരോർജ്ജ വൈദ്യുതിയുടെ ഗാർഹിക ഉപയോഗം വ്യാപിപ്പിക്കുന്നതിനായി അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) 10000 റൂഫ്ടോപ്പ് സോളാർ പദ്ധതി.<br>2) സൗരോർജ്ജ വാട്ടർ ഹീറ്ററുകളുടെ സ്ഥാപനം.<br>3) സൗരോർജ്ജ റാന്തലുകളുടെ വിതരണം.<br>4) സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം |
| (ബി) അനെർട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; താലൂക്ക് അടിസ്ഥാനത്തിൽ അനെർട്ടിന്റെ ഓഫീസുകൾ വ്യാപിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) താലൂക്ക് തലത്തിൽ അനെർട്ടിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഇപ്പോൾ പദ്ധതിയില്ല. |

(സി) ഊർജ്ജ പ്രതിസന്ധിയ്ക്ക് സൗരോർജ്ജം വ്യാപകമാക്കുന്നതിനായി സർക്കാർ തലത്തിൽ കൂടുതൽ നടപടി സ്വീകരിക്കുമോ; ഇത്തരത്തിലുളള പദ്ധതികൾ വിശദീകരിക്കുമോ?

(സി) സൗരോർജ്ജം വ്യപകമാക്കുന്നതിനു മുന്നോടിയായി സൗരോർജ്ജനയം സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ട മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനായുളള നടപടി സ്വീകരിച്ചു വരുന്നു. കെ.എസ്.ഇ.ബിയും വിവിധ സൗരോർജ്ജ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതുവഴി 88 million യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**